രാമവമ്മ തമ്പുരാൻ.—ശവമ്മെണ്ടു സ്ഥലമായിരിയ്ക്കും.

Assignment of porambokes—Porathisseri, etc., Villages.

153 മിസ്റ്റർ കെ. പി. വള്ളോൻ.—പൊറത്തിശ്ശേരി വില്ലേജിലേയും കാറളം വില്ലേജിലേയും അധഃകൃതർ പുറമ്പോക്കു സ്ഥലം പതിച്ചുകൊടുക്കുവാൻ അപേക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽഎത്ര കൊല്ലത്തിൽ; പതിച്ചുകൊടുത്തുവൊ; ഇല്ലെങ്കിൽ എന്തുകൊണ്ടു?

രാമവമ്മതമ്പുരാൻ.—ഉവ്വ്; ഫാറംകൾ; പുറമ്പോക്ക് സ്ഥലങ്ങളം പതിച്ചുകൊടുക്കുന്നതിനു് ആവശ്യമായ നടപടികളം നടത്തിവരുന്നുണ്ടു്.

മിസ്റ്റർ എം. കെ. രാമൻ.—സ്ഥലങ്ങളം പതിച്ചു കൊടുക്കുന്നതിനു് ആവശ്യമായ നടപടികളം നടത്തിവരുന്നുണ്ടെന്നു പറയുന്നു. അങ്ങിനെ നടപടി നടത്തി തുടങ്ങീട്ടു് എത്ര കൊല്ലമായി?

രാമവമ്മതമ്പുരാൻ.—അതു് ഏതുനിലയിൽ ഇരിക്കുന്നുവെന്നു നിശ്ചയമില്ല.

മിസ്റ്റർ എം. കെ. രാമൻ.—നടപടി ഇപ്പോളം നടക്കുന്നുണ്ടോ?

രാമവമ്മതമ്പുരാൻ.—ഉണ്ടു്.

Depressed Classes—Maruvancheri.

154 മിസ്റ്റർ കെ. പി. വള്ളോൻ.—മുകുന്ദപുരം താലൂക്കിൽ പെങ്ങാലൂർ വില്ലേജിൽ മരുവാഞ്ചേരി എന്ന ദേശത്തുള്ള അധഃകൃതർ കുടിക്കാൻ വെള്ളമില്ലെന്നൊ കുടിക്കാൻ സ്ഥലമില്ലെന്നൊ പറഞ്ഞു് ഫാറംകൾ ഒന്നോ രണ്ടോ ഹർജികളം അയച്ചിട്ടുണ്ടോ? സംരക്ഷകനം കിട്ടിയോ ഇല്ലെങ്കിൽ എന്തുകൊണ്ടു്?

രാമവമ്മതമ്പുരാൻ.—ഹർജികളം കിട്ടീട്ടുണ്ടു്. പെങ്ങാലൂർ അധഃകൃതർക്കു കിണർ കുത്തിച്ചുകൊടുപ്പാനും സ്ഥലംപതിച്ചുകൊടുപ്പാനും നടപടികളം നടത്തിവരുന്നുണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ഇപ്പോളം അധഃകൃതർക്കു് കുടിയ്ക്കുവാൻ വെള്ളം കിട്ടത്തക്കവണ്ണം കിണർ കുത്തിച്ചു കൊടുത്തിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—ആലോചിച്ചു വരുന്നേയുള്ളു, ഓർഡർ ആയിട്ടു കഴിഞ്ഞിട്ടില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—കുടിയ്ക്കുവാൻ വെള്ളം കിട്ടാഞ്ഞിട്ടാണു് ഹർജികളം അയയ്ക്കുന്നതു. കിണർ കുത്തിച്ചു കൊടുക്കുവാൻ ഉള്ള പണം അനുവദിച്ചു കഴിഞ്ഞിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—ഇല്ല. പണമുണ്ടാകുമ്പോളം ആവശ്യമാണെന്നു കണ്ടാൽ ചെയ്തുകൊടുക്കും.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—കടിയ്ക്കുവാൻ വെള്ളം കിട്ടണമെന്നു് അത്യാവശ്യക്കാർ റിപ്പോർട്ടു് ചെയ്തിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—റിപ്പോർട്ടു് വന്നതായി ഓർമ്മയില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—കിണർ കുത്തിയാലെ കുടിയ്ക്കാൻ വെള്ളമുള്ളുവെന്നുവന്നാൽ ചെയ്തുകൊടുക്കേണ്ടതല്ലേ?

രാമവമ്മതമ്പുരാൻ.—അതു് ഖഡ്ഡറിൽ സാങ്ഷനാകണം. അല്ലാത്തപക്ഷം വേറെ ഇനത്തിൽനിന്നും പണമുണ്ടാകണം.

Action in respect of ill-treatment of a Pulaya in Kadamakudi.

155. മിസ്റ്റർ കെ. പി. വള്ളോൻ.—കണയന്നൂർ താലൂക്കു് കടമക്കുടി നിവാസികളായ പുലയരെ ഉപദ്രവിച്ചു മുഷ്ണന്മാരുടെ മേൽ ഗവർമ്മെണ്ടു് എന്തു നടപടി നടത്തീട്ടുണ്ടു്; അതിന്റെ തെളിവെന്തു്?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—പ്രോട്ടോ വ്യക്തമായിട്ടില്ല. ഫ്രാ വ്യകന്നി ഫ്രാ-ാംരു കൊച്ചുപൈലൊ, പൈലൊ, ആശാസ്തി എന്നവർ കുടിതങ്ങളെ അടിച്ചും ഇടിച്ചും ദേഹോപദ്രവം ഏല്പിച്ചു എന്നു കാണിച്ചു കടമക്കുടി ദേശത്തു് ഒടിവട്ടത്തു് കണ്ടനും, മടത്തിപടിഞ്ഞാറെ നികത്തിൽ തിരുമഞ്ചനും കൂടി ഫ്രാ വ്യകന്നി ഫ്രർ -ാംരു-യിൽ ഒരു ഹർജി ഞാറക്കൽ പോലീസ് സ്റ്റേഷനിൽ ഹാജരാക്കിയിട്ടുണ്ടു്. അതു് ഇൻസ്പെക്ടർ മിസ്റ്റർ രാഘവനും, അഞ്ചിക്കയ്മൾ ഡി. എസ്സ്. പി.യും അന്വേഷിച്ചു. ഹർജി സംഗതികം മുഴുവനും നേരല്ലെന്നും, കണ്ടനെ ആരും ദേഹോപദ്രവം ഏല്പിക്കയുണ്ടായിട്ടില്ലെന്നും, തിരുമഞ്ചൻ കൊച്ചുപൈലോവിനെ വളരെ അസഭ്യവാക്കുകൾ പറഞ്ഞപ്പോൾ, പൈലൊ ആശാസ്തിയാനെ അടിച്ചു എന്നും അന്വേഷണത്തിൽ വെളിവായി. പോലീസു് ആശാസ്തിയെ താക്കീതു ചെയ്കയും ചെയ്തു. ഇതല്ലാതെ കടമക്കുടി നിവാസികളായ പുലയരെ ഉപദ്രവിച്ചതായി വിവരം ഒന്നും ഇല്ല.

മിസ്റ്റർ. എ. ഈച്ചരമേനോൻ.—അടിച്ചുവെന്നു തെളിഞ്ഞാൽ താക്കീതുചെയ്താൽ മതിയോ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—അടിയ്ക്കുന്നതിനു മുമ്പെ താക്കീതു ചെയ്യത്തക്കയാതൊന്നും ഉണ്ടായിരുന്നില്ല.

മിസ്റ്റർ ജാജ്ജ് ചാക്കാമുറി.—അങ്ങിനെയിരിയ്ക്കട്ടെ, എന്നു നിശ്ചയിച്ചു താക്കീതു ചെയ്തതാണോ; ഏതു തരത്തിലുള്ള താക്കീതാണു്?

മിസ്റ്റർ പി. നീലകണ്ഠമേനോൻ—ഇനി അനാവശ്യമായി വല്ല ലഹളയും ഉണ്ടാക്കിയാൽ ശിക്ഷിയ്ക്കുമെന്നു കരുതിയാണു് താക്കീതു ചെയ്തിട്ടുള്ളതു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—കക്ഷികളും ആരാണെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly